**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1314** **11-09-2023 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി ബൈപ്പാസ് നിർമ്മാണ പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയ വടക്കാഞ്ചേരി ബൈപ്പാസ് നിർമ്മാണ പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ? | (എ) | വടക്കാഞ്ചേരി ബൈപ്പാസ് പദ്ധതിയ്ക്ക് 20 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി നൽകിയതാണ്. 5.6 കി.മീ നീളമുള്ള ബൈപ്പാസിന്റെ അംഗീകൃത അലൈൻമെന്റ് പ്രകാരം ആളൂർ പുഴയിൽ Ch-1/460-ൽ മൈനർ പാലവും, Ch-4/820-ൽ റെയിൽവേ മേൽപ്പാലവും നിർമ്മിക്കേണ്ടതുണ്ട്. മേൽപ്പാലത്തിന്റെ സ്ഥാനം തീരുമാനിക്കാൻ റെയിൽവേ സീനിയർ ഡിവിഷണൽ എൻജിനീയർക്കും ചീഫ് എൻജിനീയർക്കും കത്ത് നൽകിയിട്ടുണ്ട്. കൂടാതെ റെയിൽവേയുടെ ദ്വിമാസ മീറ്റിംഗിൽ ഈ പദ്ധതികൂടി ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. റെയിൽവേയിൽ നിന്ന് മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള സ്ഥാനം സ്ഥിരീകരിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ